(ബി) ഈ സമയത്ത് സിറ്റി ബസ്സുകളും തമ്പാനൂരിൽകൂടി കടന്നു പോകുന്നുണ്ട്. കൂടുതൽ ബസ്സുകളും ഓടിക്കാൻ നടപടി സ്വീകരിച്ചിട്ടുമുണ്ട്

തിരുവനന്തപുരം ജില്ലയിലെ ആറ്റാലുമൂട്ടിൽ എക്സ്പ്രസ്സ് ബസ്സുകൾക്ക് സ്റ്റോപ്പ്

845. [1039] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ എൻ. എച്ച്. 47-ൽ തിരുവനന്തപുരത്തിന് തെക്ക് ആറ്റാലുംമൂട് എന്ന സ്ഥലത്ത് എക്സ്പ്രസ്സ് ബസുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുമേൽ സ്വീകരിച്ച നടപടി എന്താണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) "ആറ്റാലുംമൂട്" എന്ന സ്ഥലത്ത് എക്സ് പ്രസ്സ് ബസ്സുകൾക്ക് ബസ്സ് സ്റ്റോപ്പ് അനുവദിച്ചിട്ടുമുണ്ട്.

"തൃശ്ശൂരിൽ എത്തുന്ന ബസ് യാത്രക്കാർക്ക് സ്വരാജ് റൗണ്ടിൽ വന്നിറങ്ങാനും റൗണ്ടിൽനിന്ന് കയറാനും സൗകര്യം"

846. [1040] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിൽ എത്തുന്ന എല്ലാ ബസ് യാത്രക്കാർക്കും സ്വരാജ് റൗണ്ടിൽ വന്നിറങ്ങാനും, റൗണ്ടിൽനിന്നും കയറാനും സൗകര്യമാകുംവിധം ബസ് ഗതാഗതം ക്രമീകരിക്കാൻ ഗവൺമെന്റ് നടപടികളും എടുക്കുമോ ;

(ബി) തൃശൂരിൽ ഇന്നുള്ള പരിഷ്ക്കാരം യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വിവിധ രാഷ്ട്രീയ പാർട്ടികളുടേയും സംഘടനകളുടേയും എം. എൽ. എ. മാരുടേയും ഒരു യോഗം വിളിച്ചുകൂട്ടി അതുവരെ പുതിയ പരിഷ്ക്കാര നടപടികളും നിർത്തിവയ്ക്കുവാനും തയ്യാറാകുമോ ?

ഉത്തരം

(എ) തൃശ്ശൂരിൽ എത്തുന്ന എല്ലാ ബസ് യാത്രക്കാർക്കും സ്വരാജ് റൗണ്ടിൽ വന്നിറങ്ങാനുള്ള സൗകര്യം ഇപ്പോഴും തന്നെയുണ്ട്. റൗണ്ടിൽ നിന്ന് എല്ലാ ദിക്കിലേക്കും ബസ് കയറാനുള്ള സംവിധാനം നടപ്പിലാക്കുന്നത് പ്രായോഗികമല്ല.

(ബി) യാത്രക്കാർക്ക് അല്പം ബുദ്ധിമുട്ടുണ്ടാകുമെങ്കിലും ടൗണിലെ ഗതാഗത തിരക്കും സ്തംഭനവും ഒഴിവാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) എം. എൽ. എ. മാർ കൂടി ഉൾപ്പെട്ട ട്രാഫിക് ഉപദേശക സമിതിയുടെ തീരുമാനപ്രകാരമാണ് പുതിയ സംവിധാനം ഏർപ്പെടുത്തിയത്. ഇത് പുനഃപരിശോധിക്കുന്നതിന് ട്രാഫിക് ഉപദേശകസമിതി വിളിച്ചു കൂട്ടാൻ ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പുതിയ ട്രാഫിക് പരിഷ്ക്കാരം 1-10-1986 മുതൽ ഒരു മാസത്തേക്ക് ആണ് നടപ്പിലാക്കിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly